ഉത്തരം

(എ) ഉണ്ട്.

(ബി) സ്വതന്ത്ര പദ്ധതികൾ

1. റിയ്യാറ്റ് പവർ-4.5 എം. ഡബ്ല്യു.-ന്റെ ഇരുട്ടുകാനം.
2. എനർജി ഡവലപ്മെന്റ് കമ്പനി-7 എം. ഡബ്ല്യു.-ന്റെ അള്ളുങ്കൽ.
3. അയ്യപ്പ പവർ കമ്പനി-10.5 എം. ഡബ്ല്യു.-ന്റെ കാരിക്കയം (ഒന്നാംഘട്ടം).

കൃാപ്റ്റീവ് പദ്ധതികൾ

1. കാർബോറാണ്ടം കമ്പനി - 12 എം. ഡബ്ല്യു.-ന്റെ മണിയാർ ടെയിൽ റെയ്സ്.
2. ഇൻഡസിൽ കമ്പനി - 21 എം. ഡബ്ല്യു. കൂത്തുങ്കൽ പദ്ധതി.

പഞ്ചായത്തിന്റെ പദ്ധതികൾ

1. മാങ്കുളം പഞ്ചായത്ത് - 110 കെ. ഡബ്ല്യു.-ന്റെ മാങ്കുളം മൈക്രോ ഹൈഡ്രോ പദ്ധതി.
2. ഇടുക്കി ജില്ലാ പഞ്ചായത്ത് - 50 കെ.ഡബ്ല്യു.-ന്റെ കല്ലാർ മൈക്രോ ഹൈഡ്രോ പദ്ധതി.

ജലവൈദ്യുത പദ്ധതികളും 3 കെ. ഡബ്ല്യു. സ്ഥാപിത ശേഷിയുള്ള ഒരു പീക്കോ ജലവൈദ്യുത പദ്ധതിയും. ഈ പദ്ധതികൾ പാരമ്പര്യേതര ഊർജ്ജ മന്ത്രാലയത്തിന്റെ ധന സഹായത്തോടെ സ്വകാര്യ വ്യക്തികൾ (മുഖ്യമായും ഇടുക്കി, വയനാട് ജില്ലകളിൽ) എനർജി മാനേജ്മെന്റ് സെന്ററിന്റെ മേൽനോട്ടത്തിൽ നടപ്പിലാക്കിയിട്ടുണ്ട്.

(സി) 55.19 എം. ഡബ്ല്യു.-ന്റെ സ്ഥാപിതശേഷി.

ആർ.എ.പി.ഡി.ആർ.പി.

12 (6463) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആർ.എ.പി.ഡി.ആർ.പി.യുടെ വിക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ ;

(ബി) പ്രസ്തുതപദ്ധതി എന്നാണ് സംസ്ഥാനത്ത് ആരംഭിച്ചത് ; എവിടെയെല്ലാമാണ് പദ്ധതി നടപ്പാക്കിവരുന്നത് ;

(സി) ഇതിനായി എന്തു തുകയാണ് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ വകവഴിക്കുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇതിനകം എത്ര ശതമാനം പണികൾ പൂർത്തീകരിച്ചെന്നും ; എന്തു തുക ചെലവഴിച്ചെന്നും വിശദമാക്കുമോ ;

(ഇ) മലപ്പുറം നഗരം പ്രസ്തുതപദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ടോ ; എങ്കിൽ മലപ്പുറത്തെ പദ്ധതിയുടെ പുരോഗതി വിശദമാക്കുമോ ;

(എഫ്) ആർ.എ.പി.ഡി.ആർ.പി. നടപ്പാക്കിയിട്ടും മലപ്പുറത്ത് പഴകിയ വൈദ്യുതി കാലുകൾ, കമ്പികൾ, ഫാൾട്ടിമീറ്ററുകൾ എന്നിവ കണ്ടെത്തിയിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശം നൽകുമോ ;

(ജി) അടിയന്തരമായി അവ മാറ്റി സ്ഥാപിക്കുന്നതിനും പദ്ധതി പൂർണ്ണമായി നടപ്പാക്കാനും സത്വര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) കേന്ദ്ര സർക്കാർ ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്ന പുനരാവിഷ്കൃത ഊർജ്ജിത ഊർജ്ജ വികസന പരിഷ്ക്കരണ പദ്ധതിയുടെ പ്രധാനലക്ഷ്യങ്ങൾ പദ്ധതിപ്രദേശത്തെ വൈദ്യുതിവിതരണം പൂർണ്ണമായും ആധുനികവൽക്കരിച്ച് പ്രസരണ-വിതരണ-വാണിജ്യ നഷ്ടം 15% താഴെയാക്കി കുറയ്ക്കുകയും ഗുണമേന്മയുള്ള വൈദ്യുതി എല്ലാ ഉപഭോക്താക്കൾക്കും ലഭ്യമാക്കുകയുമാണ്.

കമ്പ്യൂട്ടർ അധിഷ്ഠിത സംവിധാനങ്ങളിലൂടെ വൈദ്യുതി വിതരണ ശൃംഖല നവീകരിക്കുന്നതിനുള്ള കേന്ദ്രസർക്കാർ പദ്ധതിയാണ് ആർ.എ.പി.ഡി.ആർ.പി. പാർട്ട്-എ. ഇതിന്റെ ഭാഗമായിട്ടുള്ള ഐ.ടി. പദ്ധതികൾ മുഖേന 43 നഗരങ്ങളിലെ വിതരണ മേഖലയുടെ സമഗ്രമായ കമ്പ്യൂട്ടർവൽക്കരണം ലക്ഷ്യമിടുന്നു. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ എല്ലാ ഓഫീസുകളെയും ബന്ധിപ്പിച്ച് നെറ്റ്വർക്കിംഗ് നടത്തുക, വിതരണ മേഖലയിലെ നവീകരണം ലക്ഷ്യമാക്കി കേന്ദ്രീകൃത സംവിധാനം നടപ്പിലാക്കാൻവേണ്ടി ഡാറ്റാ സെന്റർ സ്ഥാപിക്കുക, ഊർജ്ജ ഓഡിറ്റിംഗ് നടപ്പിലാക്കുക, വിവിധ തലങ്ങളിൽ മെച്ചപ്പെട്ട തീരുമാനങ്ങളെടുക്കുവാൻ സഹായകരമായ സംവിധാനം (മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം) നടപ്പിലാക്കുക, ജി.ഐ.എസ്. അടിസ്ഥാനപ്പെടുത്തി ഉപഭോക്താക്കളെ അടയാളപ്പെടുത്തി ആസ്തി തിട്ടപ്പെടുത്തുക തുടങ്ങിയവ ഈ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്നതാണ്. ഇവകൂടാതെ ആർ.എ.പി.ഡി.ആർ.പി. പാർട്ട്-എ.യുടെ ഭാഗമായിട്ടുള്ള 3 നഗരങ്ങളിലേക്കുള്ള സ്കാഡ പദ്ധതിയിൽ വിതരണ മേഖലയിലെ ഉപകരണങ്ങളുടെ കേന്ദ്രീകൃത നിയന്ത്രണവും അതുമുഖേന വൈദ്യുതി തടസ്സങ്ങൾ പരമാവധി കുറയ്ക്കുന്നതിനും ലക്ഷ്യമിടുന്നു.

(ബി) ആർ.എ.പി.ഡി.ആർ.പി. രണ്ട് ഭാഗങ്ങളായാണ് നടപ്പിലാക്കിവരുന്നത്. ഇതിൽ രണ്ടാം ഭാഗത്തിൽ (പാർട്ട് - ബി) വിതരണ മേഖല ശക്തിപ്പെടുത്തുന്ന പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ പ്രവൃത്തികൾ 2011-ലാണ് ആരംഭിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly

ആർ.എ.പി.ഡി.ആർ.പി. പാർട്ട്-എ. യുടെ ഭാഗമായിട്ടുള്ള ഐ. ടി. പദ്ധതികൾ നവംബർ 2012-നും സ്കാഡ പദ്ധതി ജൂൺ 2013-നുമാണ് ആരംഭിച്ചത്. 2001 സെൻസസ് പ്രകാരം 30000-ൽ കൂടുതൽ ജനസംഖ്യയുള്ള പട്ടണങ്ങളിലാണ് ആർ.എ.പി.ഡി.ആർ.പി. പദ്ധതികൾ നടപ്പാക്കുന്നത്. ഇതനുസരിച്ച് സംസ്ഥാനത്തെ 43 നഗരങ്ങളിൽ ആർ.എ.പി.ഡി.ആർ.പി. പദ്ധതികൾ നടപ്പിലാക്കുന്നു. നഗരങ്ങളുടെ പേരുകൾ അനുബന്ധമായി കൊടുക്കുന്നു.*

(സി) ആർ.എ.പി.ഡി.ആർ.പി. പാർട്ട്-ബി-ക്കായി 1078.3 കോടിരൂപയുടെ പ്രവൃത്തികൾക്കാണ് കേന്ദ്ര സർക്കാർ അനുമതി ലഭിച്ചത്. അനുമതി ലഭിച്ച തുകയുടെ 25 ശതമാനം (269.57 കോടിരൂപ) കേന്ദ്ര സർക്കാർ വായ്പയായി അനുവദിച്ചിട്ടുണ്ട്. ഇതിൽ 161.75 കോടിരൂപ കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന് ലഭിച്ചുകഴിഞ്ഞു. ബാക്കി തുകയായ 107.83 കോടി രൂപ പദ്ധതി പൂർത്തീകരണത്തോടുകൂടി ലഭിക്കുന്നതാണ്. ബാക്കി 75 ശതമാനം തുക കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് തനതുഫണ്ടിൽനിന്നോ വായ്പയായോ കണ്ടെത്തേണ്ടതാണ്. പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുകയും പ്രസരണ-വിതരണ-വാണിജ്യ നഷ്ടം 15 ശതമാനത്തിൽ താഴെയാക്കി കുറയ്ക്കുകയും അത് തുടർന്നുള്ള 5 വർഷം നിലനിറുത്തുകയും ചെയ്താൽ പദ്ധതിത്തുകയുടെ 50 ശതമാനംവരെ കേന്ദ്ര സർക്കാർ ഗ്രാന്റായി മാറ്റുന്നതാണ്.

പാർട്ട് (എ) യുടെ നടത്തിപ്പിനായി കേരളത്തിന് 214.38 കോടിരൂപ കേന്ദ്ര സഹായമായി അംഗീകരിച്ചിട്ടുണ്ട്. കേരളത്തിൽ പട്ടണങ്ങൾക്ക് പുറമേയുള്ള പ്രദേശങ്ങളിൽക്കൂടി ഇത്തരം സർവ്വീസ് ലഭ്യമാക്കണമെന്ന ലക്ഷ്യത്തോടെ നോൺ ആർ.എ.പി.ഡി.ആർ.പി. പ്രദേശങ്ങളെക്കൂടി ഉൾപ്പെടുത്തി ആകെ 288 കോടിരൂപയുടെ പദ്ധതിയാണ് നടപ്പാക്കുന്നത്. കേന്ദ്ര സഹായത്തിന് പുറമേയുള്ള തുക കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡുതന്നെ ചെലവാക്കാമെന്നാണ് തീരുമാനിച്ചിട്ടുള്ളത്. സ്കാഡ പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി 83.15 കോടിരൂപയും കേന്ദ്ര സഹായമായി അംഗീകരിച്ചിട്ടുണ്ട്.

(ഡി) ആർഎപിഡിആർപി പാർട്ട്-ബിയുടെ പ്രവൃത്തികൾ 40 ടൗണുകളിൽ ഡിപ്പാർട്ട്മെന്റലായും ബാക്കി മൂന്ന് ടൗണുകളിൽ ടേൺ കീ അടിസ്ഥാനത്തിലുമാണ് നടപ്പിലാക്കിവരുന്നത്. ഡിപ്പാർട്ട്മെന്റ് തലത്തിൽ പണി നടക്കുന്ന 40 ടൗണുകളിൽ 45% പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്.. ഇതിലേക്കായി 239 കോടിരൂപ ചെലവഴിച്ചിട്ടുണ്ട്. ടേൺ കീ അടിസ്ഥാനത്തിൽ പ്രവൃത്തികൾക്കുള്ള കരാർ 2 സ്ഥലങ്ങളിൽ 2013-ലും ഒരിടത്ത് 2014-ലുമാണ് നൽകിയത്. ഈ ടൗണുകളിൽ നാളിതുവരെ 18 കോടിരൂപയുടെ (4%) പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്.

ആർ.എ.പി.ഡി.ആർ.പി. പാർട്ട്-എ യുടെ ഭാഗമായിട്ടുള്ള ഏകദേശം 30-40% പണികൾ പൂർത്തീകരിച്ചു. ഡാറ്റാ സെന്റർ, കസ്റ്റമർ കെയർ സെന്റർ എന്നിവയുടെ നിർമ്മാണം പൂർത്തിയായി. ഡാറ്റാ റിക്കവറി സെന്റർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. 43 നഗരങ്ങളിലെ ഹീൽഡ് സർവ്വേ പൂർത്തീകരിച്ചുകഴിഞ്ഞു. 3 നഗരങ്ങളിലേക്കുള്ള സ്കാഡ പദ്ധതിയും സമയബന്ധിതമായി പുരോഗമിക്കുകയാണ്. ഇതുവരെയായി ഏകദേശം 42

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

കോടിരൂപയോളം ആർ.എ.പി.ഡി.ആർ.പി. പാർട്ട്-എ. യുടെ ഭാഗമായിട്ടുള്ള വിവരസാങ്കേതികവിദ്യ പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി ചെലവഴിച്ചിട്ടുണ്ട്.

(ഇ) മലപ്പുറം നഗരത്തിൽ 7.26 കോടിരൂപയുടെ പദ്ധതിക്കാണ് കേന്ദ്ര സർക്കാർ അനുമതി നൽകിയിട്ടുള്ളത്. ഇതിൽ 2.71 കോടിരൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. നാളിതുവരെ 37% പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ട് പൂർത്തിയാക്കിയ പ്രധാന പ്രവൃത്തികൾ ചുവടെ ചേർക്കുന്നു :

1.	11. കെ. വി. ലൈൻ നിർമ്മാണം	20 കി. മീ.
2.	ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമർ സ്ഥാപിക്കൽ	30 എണ്ണം
3.	പഴയ ലൈൻ മാറ്റി പുതിയവ നിർമ്മിക്കൽ	4.5 കി. മീ.
4.	പുതിയ എൽ.റ്റി. ലൈൻ നിർമ്മാണം	7 കി. മീ.
5.	എൽ.റ്റി.സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ആക്കി മാറ്റൽ	32 കി.മീ.
6.	പഴയ എൽ.റ്റി. ലൈൻ മാറ്റി പുതിയവ സ്ഥാപിക്കൽ	14 കി. മീ.
7.	കേടായ മീറ്റർമാറ്റി പുതിയ ഇലക്ട്രോണിക് മീറ്റർ സ്ഥാപിക്കൽ	5400 എണ്ണം

പദ്ധതിയുടെ പാർട്ട്-എ. യുടെ ഭാഗമായിട്ടുള്ള ജി.ഐ.എസ്. അടിസ്ഥാന പ്പെടുത്തി വിതരണമേഖലയിലെ ആസ്തികൾ അടയാളപ്പെടുത്തി തിട്ടപ്പെടുത്തൽ, നഗരത്തിലെ ഓഫീസുകളെ ബന്ധിപ്പിച്ച് നെറ്റ്വർക്കിംഗ് എന്നിവ പൂർത്തിയായി ഓട്ടോമാറ്റിക് മീറ്ററിംഗ്, ജി.ഐ.എസ്. അടിസ്ഥാനപ്പെടുത്തി ഉപഭോക്താക്കളെ അടയാളപ്പെടുത്തി ആസ്തി തിട്ടപ്പെടുത്തൽ തുടങ്ങിയവ പുരോഗമിക്കുന്നു.

(എഫ്) മലപ്പുറത്ത് പഴകിയ വൈദ്യുതി കാലുകൾ, കമ്പികൾ മുതലായവ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കേടായ മീറ്ററുകൾ മാറ്റിസ്ഥാപിക്കുന്ന പ്രവൃത്തികൾ നടന്നുവരുന്നു.

(ജി) പദ്ധതി പൂർണ്ണമായി നടപ്പിലാക്കുന്നതിന് സത്വരനടപടികൾ സ്വീകരിക്കുന്നതാണ്.

28/2016

LIBRARY ARCHIVES Kerala Legislative Assembly